# കുടുംബശ്രീ

വാർത്താപത്രിക

കേരള സർക്കാർ
തദ്ദേശസ്വയംഭരണ വകുപ്പ്

ലക്കം 46 | 2013 ജൂലൈ 1-15 | www.kudumbashree.org


### ആജീവിക രണ്ടാം വാർഷികം:

## വേദിയിൽ ശ്രദ്ധേയ സാന്നിദ്ധ്യമായി കേരളത്തിന്റെ കുടുംബശ്രീ



*ന്യൂഡൽഹിയിൽ നടന്ന ആജീവിക രണ്ടാം വാർഷികത്തിൽ യു.പി.എ അദ്ധ്യക്ഷ സോണിയാ ഗാന്ധി കുടുംബശ്രീ സ്റ്റാളുകൾ സന്ദർശിക്കുന്നു*

ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതിയുടെ രണ്ടാം വാർഷിക ചടങ്ങ് 'ആജീവിക ദിവസി'ൽ കുടുംബശ്രീയുടെ ശ്രദ്ധേയ സാന്നിദ്ധ്യം. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികളും സ്വയംസഹായ സംഘങ്ങളും പങ്കെടുത്ത ആജീവിക രണ്ടാം വാർഷികത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് കുടുംബശ്രീ അംഗങ്ങൾ അവതരിപ്പിച്ച കലാപരിപാടികളും കുടുംബശ്രീ പ്രവർത്തകർ വിവരിച്ച ജീവിതാനുഭവങ്ങളും ഏറെ പ്രശംസ പിടിച്ചു പറ്റി.

തൃശൂർ ജില്ലയിലെ സി.ഡി.എസ് മെമ്പറായ ഐഷാബീവിക്കാണ് യു.പി.എ അദ്ധ്യക്ഷ സോണിയാ ഗാന്ധിക്കു മുന്നിൽ വിജയാനുഭവ കഥ അവതരിപ്പിക്കാനുള്ള അവസരം ലഭിച്ചത്. മലപ്പുറം ജില്ലയിലെ സി.ഡി.എസ് ചെയർപേഴ്സൺമാരായ സിന്ധു, ഫാത്തിമ, തൃശൂർ ജില്ലയിലെ സിഡി.എസ് വൈസ് ചെയർപേഴ്സൺ ഗീത, കുടുംബശ്രീ പതിനഞ്ചാം സംസ്ഥാനതല വാർഷികത്തിൽ മികച്ച ഗ്രാമ സി,ഡി.എസുകളായി തിരഞ്ഞെടുക്കപ്പെട്ട വയനാട് പനമരം സി.ഡി.എസ് ചെയർപേഴ്സൺ രാധാ ബാലൻ, എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയൽ സി.ഡി.എസ് ചെയർപേഴ്സൺ രമണി അയ്യപ്പൻ തിരുവനന്തപുരം പള്ളിച്ചൽ പഞ്ചായത്തിലെ ഐശ്വര്യ കുടുംബശ്രീ അംഗം ബിന്ദു, ആലപ്പുഴ ജില്ലയിലെ മാന്നാർ അമൃതംശ്രീ ന്യൂട്രിമിക്സ് യൂണിറ്റ് അംഗം ലതാ ഗിരീഷ് എന്നിവർ ആജീവിക രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായി മറ്റൊരു വേദിയിൽ അനുഭവങ്ങൾ പങ്കു വച്ചു.

തനിമ പരിശുദ്ധി കേരളീയത ഇവ മുഖമുദ്രയാക്കി കുടുംബശ്രീ പ്രവർത്തകർ നിർമിച്ച ഉല്പന്നങ്ങൾ നിരന്ന കുടുംബശ്രീ സ്റ്റാൾ യു.പി.എ അദ്ധ്യക്ഷ സോണിയ ഗാന്ധി ഉൾപ്പെടെ രാഷ്ട്രീയ രംഗത്തെ നിരവധി പ്രമുഖരും അന്യസംസ്ഥാന പ്രതിനിധികളും സന്ദർശിച്ചു. സ്ത്രീകളുടെ സംഘശക്തി വിഷയമാക്കി തിരുവനന്തപുരം ജില്ലയിലെ കുടുംബശ്രീ പ്രവർത്തകരായ ജൂബിലി വിനോദ്, സുനിത, മഞ്ജു. ആർ, സ്മിത, ശശാങ്ക, ഉഷാകുമാരി, മഞ്ജു.സി, ഷെൻസി എന്നിവർ അവതരിപ്പ മൂകാഭിനയം ഏറെ ഹൃദ്യമായി.

2011 ജൂണിലാണ് കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം 'ആജീവിക'പദ്ധതിക്കു തുടക്കമിട്ടത്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ അംഗങ്ങളെ സ്വയംസഹായ സംഘങ്ങളിലൂടെ സംഘടിപ്പിച്ച് സ്വയം പരിശീലനവും വായ്പയും നല്കുന്നതാണ് പദ്ധതി. കേരളത്തിൽ കുടുംബശ്രീയ്ക്കാണ് ദേശീയ ഗ്രാമീണ ഉപജീവന പദ്ധതി നടപ്പാക്കാനുള്ള ചുമതല.

കേന്ദ്ര ഗ്രാമവികസന മന്ത്രി ജയറാം രമേശ് നന്ദി അറിയിച്ചു. കേന്ദ്ര ഗ്രാമ വികസന സഹമന്ത്രിമാരായ. പ്രദീപ് ജയിൻ, ലാൽചന്ദ് ഖട്ടറിയ, കേന്ദ്ര ഗ്രാമവികസന വകുപ്പ് സെക്രട്ടറി എസ്.വിജയകുമാർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

കുടുംബശ്രീ മിഷനെ പ്രതിനിധീകരിച്ച് എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി.വൽസല കുമാരി, ഡയറക്ടർ(എ ആൻഡ് എഫ്), എബി പോൾ, കുടുംബശ്രീ എക്സിക്യുട്ടീവ് കമ്മിറ്റി അംഗങ്ങളായ എസ്.പി.കുഞ്ഞഹമ്മദ്, അഡ്വ.എൻ.എ.ഖാലിദ്, ഗവേണിംഗ് ബോഡി അംഗം അഡ്വ. ബിന്ദുകൃഷ്ണ, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ലൈവ്‌ലിഹുഡ് എം. അഞ്ജന, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ പി.വി ജയചന്ദ്രൻ, അക്കൗണ്ട്സ് ഓഫീസർ വത്സല, പ്രോഗ്രാം ഓഫീസർമാരായ ലി.ബി.ടി.ജോൺസൺ, സഞ്ജയ് കുമാർ, എൻ.ജഗജീവൻ, ഇന്ദു പി, ജയകുമാർ ജില്ലാ മിഷൻ കോ-ഓർഡനേറ്റർമാരായ മുഹമ്മദ് ഫൈസൽ, ഗീതാ ഫിലിപ്പ്, പി.പി.മുഹമ്മദ് തുടങ്ങിയവർ പങ്കെടുത്തു.



### ഡോ.എം.കെ. മുനീർ
### പഞ്ചായത്ത് സാമൂഹ്യനീതി മന്ത്രി

## കുടുംബശ്രീയുടെ വികസന കാമ്പെയ്ൻ വിജയിപ്പിക്കുക

കേരള സർക്കാർ ഏറ്റവും മുന്തിയ പരിഗണന നൽകുന്ന പ്രസ്ഥാനമാണ് കുടുംബശ്രീ. പദ്ധതി തുകയിൽ ശ്രദ്ധേയമായ വർദ്ധനവാണ് ഈ സർക്കാർ വരുത്തിയിരിക്കുന്നത്. എൻആർഎൽഎം തുടങ്ങിയ കേന്ദ്രപദ്ധതികളുടെ നോഡൽ ഏജൻസിയായി കുടുംബശ്രീ നിയോഗിക്കപ്പെട്ടിരിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം കുടുംബശ്രീക്കുള്ള ബഡ്ജറ്റ് വിഹിതം 84 കോടി രൂപയായിരുന്നു. ഈ വർഷം 90 കോടി രൂപ. അങ്ങനെ സംസ്ഥാനത്തിന്റെ സാമ്പത്തിക പരിഗണനയിലും കേന്ദ്രത്തിന്റെ സഹായകരമായ പരിഗണനയിലും ഉൾപ്പെട്ട കുടുംബശ്രീ സാമ്പത്തിക സുസ്ഥിരത പുലർത്തുന്നു.

കുടുംബശ്രീ സംഘടന വളരെ വിപുലികരിക്കപ്പെട്ടിരിക്കുന്നു. സമ്പൂർണ അയൽക്കൂട്ട പ്രവേശനത്തിലൂടെ കഴിഞ്ഞവർഷം സാമ്പത്തിക പരാധീനതയിൽപ്പെട്ട എല്ലാവിഭാഗം കുടുംബങ്ങളും അയൽക്കൂട്ടങ്ങളിലേയ്ക്ക് ആകർഷിക്കപ്പെട്ടിരിക്കുന്നു. എണ്ണത്തിലെ വർദ്ധനവ് ഗുണമേന്മയെ തെല്ലും ബാധിക്കുന്ന ഘടകമല്ല. ഇവയുടെയെല്ലാം ഭാഗമായിട്ടുള്ള സേവനത്തിന്റെ വ്യാപ്തി വർദ്ധപ്പിക്കുയെന്നത് സ്വാഗതാർഹമായ ഒരു വെല്ലുവിളിയായി നാം ഏറ്റെടുക്കണം.

ഇതിന്റെ ഭാഗമായാണ് വികസന കാമ്പെയ്ന് തുടക്കമിടുന്നത്. കാമ്പെയ്ന്റെ ലക്ഷ്യം പ്രധാനമായും സേവനം വിപുലമാക്കുകതന്നെയാണ്. ഇതൊരു സവിശേഷമായ കാമ്പെയ്നാണ്. ഇതിന് തുടർച്ചയായ പരിശീലനം ആവശ്യമാണ്. ഇതുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും തുടർച്ചയായി പ്രതിമാസം വിലയിരുത്തപ്പെടണം. സംസ്ഥാനാടിസ്ഥാനത്തിലും നിയോജകമണ്ഡലാടിസ്ഥാനത്തിലും വിലയിരുത്തപ്പെടാനുള്ള സംവിധാനങ്ങൾ ഇന്നിപ്പോൾ നിലവിലുണ്ട്.

ഉപജീവന വികസനത്തിനും സാമൂഹ്യ സുരക്ഷയ്ക്കും പ്രാധാന്യം നൽകുന്ന ഈ കാമ്പെയ്ൻ മറ്റൊരു ജനകീയ മാതൃക ലക്ഷ്യം വയ്ക്കുന്നു. മറ്റു സംസ്ഥാനങ്ങൾക്ക് കേരളം ഇത്തരം കാര്യങ്ങളിൽ വീണ്ടും മാതൃകയാകുന്നു. മറ്റു സംസ്ഥാനങ്ങളിൽ സാമൂഹ്യ സംഘടനാ സംവിധാനങ്ങൾ രൂപപ്പെടുത്തിയെടുക്കുന്നതിനുള്ള നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ (എൻആർഒ) ആയി കുടുംബശ്രീ അംഗീകരിക്കപ്പെട്ടിരിക്കുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീ സംഘടനാസംവിധാനത്തിന്റെയും യോജിച്ച പ്രവർത്തനം ഇതിനാവശ്യമാണ്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സ്ത്രീ ശാക്തീകരണത്തിനും പുതിയ മാനങ്ങൾ സൃഷ്ടിച്ചുകൊണ്ട് കേരള വികസനത്തിന്റെ പുതിയ മാതൃകകൾ കാഴ്ച്ചവയ്ക്കുവാനുള്ള കരുത്ത് കുടുംബശ്രീക്കുണ്ടാവട്ടെ എന്ന് ആശംസിക്കുന്നു.

ഡോ. എം.കെ മുനീർ
പഞ്ചായത്ത്-സാമൂഹ്യനീതി വകുപ്പ് മന്ത്രി

## കുടുംബശ്രീ പരിശീലന കേന്ദ്രം: ശിലാസ്ഥാപനം നടത്തി



*കണ്ണൂർ ജില്ലയിലെ കുറുമാത്തൂരിൽ കുടുംബശ്രീ ജില്ലാമിഷന്റെയും ജില്ലാ പഞ്ചായത്തിന്റെയും സംയുക്തസംരംഭമായ പരിശീലന കേന്ദ്രത്തിന്റെ ശിലാസ്ഥാപനം പഞ്ചായത്ത് സാമൂഹ്യനീതി മന്ത്രി ഡോ.എം.കെ.മുനീർ നിർവഹിക്കുന്നു*

കുടുംബശ്രീ കണ്ണൂർ ജില്ലാമിഷന്റെയും ജില്ലാ പഞ്ചായത്തിന്റെയും സംയുക്ത സംരഭമായ പരിശീലന കേന്ദ്രത്തിന്റെ ശിലാസ്ഥാപനം പഞ്ചായത്ത് സാമൂഹ്യനീതി മന്ത്രി ഡോ. എം.കെ. മുനീർ നിർവഹിച്ചു.

ലോകം ഉറ്റുനോക്കുന്ന നിലയിലേക്ക് കുടുംബശ്രീ വളർന്നിട്ടുണ്ടെന്നും വിമാനങ്ങളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളിൽ കുടുംബശ്രീ ഉല്പന്നങ്ങൾ ഉൾപ്പെടുത്തുമെന്ന് കേന്ദ്രമന്ത്രി അറിയിച്ചത് ഇതിന് ഉദാഹരണമാണെന്നും മന്ത്രി പറഞ്ഞു. ജനങ്ങൾ എല്ലാവിധ പിന്തുണയും നല്കുന്നതു കൊണ്ടാണ് ഇതു സാധ്യമാകുന്നത്. പോഷകാഹാര ഉല്പാദന രംഗത്തും അങ്ങേയറ്റം ഗുണനിലവാരം ഉറപ്പു വരുത്തി പുതിയ പരീക്ഷണം ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു.2012-2013ൽ ജില്ലയിലെ മികച്ച സി.ഡി.എസുകളായി തിരഞ്ഞെടുത്ത ചെങ്ങളായി, കൊളച്ചേരി, തില്ലങ്കേരി, ചെറുകുന്ന്, ഉളിക്കൽ എന്നീ സി.ഡി.എസുകൾക്ക് മന്ത്രി മുനീർ അവാർഡുകൾ വിതരണം ചെയ്തു. ജില്ലയിലെ 18 കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റുകൾക്കുള്ള ഡ്രയർ മെഷീൻ വിതരണം ജയിംസ് മാത്യു എം.എൽ.എ നിർവഹിച്ചു. പരിശീലനകേന്ദ്രത്തിന്റെ ബൈലാ ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരംസമിതി അദ്ധ്യക്ഷ ഓരതിയിൽ നിന്നും ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എം.വി.പ്രേമരാജൻ ഏറ്റുവാങ്ങി.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രഫ.കെ.എ.സരള അദ്ധ്യക്ഷ വഹിച്ചു. കുടുംബശ്രീ എക്സിക്യുട്ടീവ് കമ്മിറ്റി അംഗം എസ്.പി.കുഞ്ഞഹമ്മദ്, കുറുമത്തൂർ പഞ്ചായത്ത് പ്രസിഡന്റ് കെ.യു. ത്രേസ്യാമ്മ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ പി.പി.മുഹമ്മദ്, പി.ടി.രുഗ്മിണി, ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് മനു പി. തോമസ്, എ.ഡി.തങ്കമണി, ഐ.വി.നാരായണൻ, കൊല്ലം ജനാർദ്ദനൻ, മഹമൂദ് അള്ളംകുളം, വി.എ.സീന എന്നിവർ സംസാരിച്ചു.

### കുടുംബശ്രീ അംഗങ്ങൾക്ക്
## പെൻഷൻ ഇൻഷ്വറൻസ് പദ്ധതികൾ ഈ വർഷം:
### മന്ത്രി ഡോ. എം.കെ. മുനീർ

കുടുംബശ്രീയിലെ 40 ലക്ഷം അംഗങ്ങൾക്ക് പെൻഷൻ പദ്ധതിയും ഇൻഷ്വറൻസും ഈ വർഷം നടപ്പാക്കുമെന്ന് പഞ്ചായത്ത്-സാമൂഹ്യനീതി മന്ത്രി ഡോ.എം.കെ. മുനീർ. ക്ഷേമപെൻഷനുകൾ പൂർണമായും ബാങ്ക് അക്കൗണ്ടുകളിലൂടെ നല്കും. കുടുംബശ്രീ അംഗങ്ങളുടെ വിഹിതവും സർക്കാർ വിഹിതവും ചേർത്ത് പെൻഷൻ ഫണ്ട് രൂപീകരിച്ച് 60 വയസ് പൂർത്തിയാകുന്നവർക്ക് പെൻഷൻ നല്കാനാണ് തീരുമാനമെന്നും മന്ത്രി പറഞ്ഞു. അംഗങ്ങളിൽ നിന്നും ചെറിയ പ്രീമിയം തുക സമാഹരിച്ച് ഒരുലക്ഷം രൂപ വരെ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന പദ്ധതിയും ഉടൻ നടപ്പാക്കും. അഗതികൾക്കായുള്ള ആശ്രയ പദ്ധതി രണ്ടാംഘട്ടം ഈ വർഷം പൂർത്തിയാക്കും. കുടുംബശ്രീ ട്രാവൽസ് എന്ന പേരിൽ വനിതകൾക്കായി വനിതകളുടെ ടാക്സി സർവീസ് തുടങ്ങും. സുരക്ഷിതത്വം ഉറപ്പാക്കാൻ ജി.പി.ആർ.എസ് സൗകര്യവും ഏർപ്പെടുത്തും. സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ ഈ വർഷം 2766 വികലാംഗർക്ക് നിയമനം നൽകും. എല്ലാ ജില്ലകളിലും നിർഭയ ഷെൽട്ടർ ഹോമുകൾ തുടങ്ങും. വൈകല്യങ്ങൾ നേരത്തെ കണ്ടെത്താൻ 40 കോടി ചെലവിൽ പദ്ധതി നടപ്പാക്കും. ബൗദ്ധിക വൈകല്യമുള്ളവരെ സംരക്ഷിക്കാൻ ഒരു ലക്ഷം സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നല്കുമെന്ന് മന്ത്രി പറഞ്ഞു.

### കുഞ്ഞമ്മചേച്ചി




**കുടുംബശ്രീയിലെ 40 ലക്ഷം അംഗങ്ങൾക്ക് ഇൻഷൂറൻസ്-പെൻഷൻ പദ്ധതി ഈ വർഷം**

## അർബുദരോഗ പ്രതിരോധത്തിന് ജീവനം

- കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ ആരോഗ്യമേഖലയിൽ നടപ്പാക്കി വരുന്ന സമഗ്ര അർബുദ നിയന്ത്രണ പരിപാടി
- പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്ക് കോഴിക്കോട് കോർപ്പറേഷൻ 38 ലക്ഷം രൂപ നല്കും

അർബുദരോഗ പ്രതിരോധവും ബോധവല്ക്കരണവും ലക്ഷ്യമിട്ട് കോഴിക്കോട് ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ നഗരസഭാ സി.ഡി.എസുകളിൽ രണ്ടു ഘട്ടങ്ങളിലായി നടത്തിയ സമഗ്ര അർബുദ നിയന്ത്രണ പരിപാടി 'ജീവനം' ഏറെ ശ്രദ്ധേയവും വിജയവുമായി. സ്വർണ ജയന്തി ഷഹരി റോസ്ഗാർ യോജന പദ്ധതി പ്രകാരം 2012-2013 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് കൊയിലാണ്ടി, വടകര നഗരസഭകളിലെ ആരോഗ്യ മേഖലയിൽ നടപ്പാക്കിയ പരിപാടിയാണ് ജില്ലാമിഷന്റെ പ്രവർത്തനങ്ങളിൽ മറ്റൊരു മികവുറ്റ നേട്ടമായത്.

കുടുംബശ്രീ ജില്ലാ മിഷൻ, നഗര സി.ഡി.എസുകൾ, മലബാർ ക്യാൻസർ ചെയർ സൊസൈറ്റി കണ്ണൂർ, സർക്കാർ-സർക്കാരിതര ആശുപത്രികൾ, എക്സാത്ത് എച്ച്. ആർ.ഡി.ട്രെയിനിംഗ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി നടപ്പാക്കിയത്.

കേരളത്തിൽ പ്രതിവർഷം 36000ത്തിലധികം പേർ അർബുദ ബാധിതരാകുന്നു എന്നാണ് കണക്കുകൾ. അർബുദത്തിന്റെ ആദ്യഘട്ടങ്ങളിൽ രോഗം തിരിച്ചറിഞ്ഞാൽ ചികിത്സിച്ചു ഭേദമാക്കാൻ കഴിയും. എന്നാൽ രോഗത്തിന്റെ അവസാനഘട്ടത്തിലാണ് പലരും ചികിത്സ തേടിയെത്തുന്നത്. അതുകൊണ്ടു തന്നെ അർബുദ രോഗത്തിലേക്ക് നയിക്കാൻ സാദ്ധ്യതയുള്ള ലക്ഷണങ്ങൾ കണ്ടെത്തി രോഗപ്രതിരോധത്തിന് സജ്ജരാക്കാൻ കഴിയും വിധത്തിലാണ് ജീവനം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചത്.

കോഴിക്കോട് ജില്ലയിലെ നഗരസഭാ പ്രദേശങ്ങളിൽ താമസിക്കുന്ന സ്ത്രീകളിലെ ഗർഭാശയഗള-സ്തനാർബുദ രോഗനിയന്ത്രണ പരിപാടി എന്ന നിലയിലാണ് ജീവനം സംഘടിപ്പിച്ചത്. ഇതുമായി ബന്ധപ്പെട്ട് 45400 വീടുകളിൽ സർവേ നടത്തി. കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ നിന്നും തിരഞ്ഞെടുത്ത ആയിരത്തോളം ആരോഗ്യ വൊളണ്ടിയർമാർക്ക് മലബാർ ക്യാൻസർ കെയർ സൊസൈറ്റി കണ്ണൂർ, കോഴിക്കോട് മെഡിക്കൽ കോളേജ്, ഐ.ഐ.എം എന്നിവിടങ്ങളിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ഏകദിന പരിശീലനം നല്കിയ ശേഷമായിരുന്നു സർവേ നടത്തിയത്.

സ്തനാർബുദം, ഗർഭാശയഗള ക്യാൻസർ എന്നീ രോഗലക്ഷണങ്ങൾ കണ്ടെത്തുന്നതിനായി പ്രത്യേകം തയ്യാറാക്കിയ ഫോർമാറ്റിലാണ് വിവരശേഖരണം നടത്തിയത്. നഗരസഭയിലുള്ള 135500 കുടുംബങ്ങളിൽ നടത്തിയ സർവേയിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ക്യാൻസർ രോഗത്തിന്റെ പ്രാഥമിക ലക്ഷണം കണ്ടെത്തിയ

ശേഷം രണ്ടാം പേജ് കാണുക ⇨

## സ്ത്രീകളുടെ യാത്ര സുരക്ഷിതമാക്കാൻ
# കുടുംബശ്രീയുടെ കോൾ ടാക്സി സർവീസ്
### വനിതാ ഡ്രൈവർമാർക്ക് പ്രത്യേക യൂണിഫോമും തിരിച്ചറിയൽ കാർഡും

നഗരത്തിൽ സ്ത്രീകളുടെ യാത്ര സുരക്ഷിതമാക്കാൻ വനിതകൾ ഓടിക്കുന്ന കാറുമായി കുടുംബശ്രീയും. സ്ത്രീകളുടെ സുരക്ഷ മുന്നിൽ കണ്ട് ടാറ്റാ കമ്പനിയുടെ സഹകരണത്തോടെയാണ് നഗരത്തിൽ കുടുംബശ്രീ ലേഡീസ് ഒൺലി നാനോ കാറുകൾ നിരത്തിലിറങ്ങുക.

കുടുംബശ്രീ പ്രവർത്തകരായ വനിതകളുടെ ചെറുകിട സംരംഭം എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലാണ് പദ്ധതിക്കു തുടക്കമിടുന്നത്. ആദ്യഘട്ടത്തിൽ 20 കാറാണ് പുറത്തിറക്കുക. അഞ്ച് സ്ത്രീകൾ അടങ്ങുന്ന സംഘത്തിന് നാല് ടാക്സി എന്ന രീതിയിൽ ചെറുകിട സംരംഭമായിട്ടാണ് തുടക്കം. പദ്ധതിയുടെ ഭാഗമായി കാർ ഡ്രൈവിംഗ് അറിയാവുന്ന 50 സ്ത്രീകൾക്കായി പ്രത്യേക പരിശീലനം നല്കി വരികയാണ്.

സ്ത്രീകൾക്കും വിദ്യാർത്ഥിനികൾക്കും നഗരത്തിൽ വിവിധ ആവശ്യങ്ങൾക്കായി സ്ത്രീകളോടൊപ്പം എത്തുന്ന കുടുംബങ്ങൾക്കും കുടുംബശ്രീയുടെ നാനോ ടാക്സി സംവിധാനം തികച്ചും സഹായകരവും സൗകര്യപ്രദവുമായിരിക്കും. കുടുംബശ്രീ പ്രത്യേകമായി നൽകുന്ന നമ്പറിൽ എസ്.എം.എസ്, ഇ–മെയിൽ എന്നിവ വഴി മുൻകൂട്ടി ഈ വാഹനത്തിനായി ബുക്ക് ചെയ്യാം. കുടുംബശ്രീയുടെ കോൾ ടാക്സി സർവീസിനായി നേരത്തേ ബുക്ക് ചെയ്തിട്ടുള്ളവർ റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ്, എയർപോർട്ട് എന്നിവിടങ്ങളിൽ എത്തുന്നതിന് അരമണിക്കൂർ മുമ്പ് എസ്.എം.എസ് അയച്ചാൽ അയക്കുന്ന വാഹനത്തിന്റെ നമ്പർ, ഡ്രൈവറുടെ പേര് എന്നിവ സഹിതം മൊബൈലിലേക്ക് സന്ദേശം ലഭിക്കും.

കാറിനുള്ളിൽ സുരക്ഷക്കായി ജി.പി.എസ് സംവിധാനവും കാമറയും ഉണ്ടാകും. പ്രത്യേക നിറത്തിൽ മൂന്നുപേർക്ക് ഇരിക്കാവുന്ന കാറിൽ വനിതാ ഡ്രൈവർമാർക്ക് സുരക്ഷയും ഏർപ്പെടുത്തിയിട്ടുണ്ട്. ഡ്രൈവർ ഇരിക്കുന്ന സീറ്റ് ഫൈബർ ഗ്ലാസ് ഉപയോഗിച്ച് വേർതിരിക്കും. ടാക്സി നിരക്കിലാണ് പണം നൽകേണ്ടത്. ഇതിനായി കമ്പ്യൂട്ടറൈസ്ഡ് ബില്ലാവും നൽകുക.യാത്രക്കാരിൽ ഒരാളെങ്കിലും സ്ത്രീയായാൽ കുടുംബാംഗങ്ങൾക്കും ഇതിൽ യാത്ര ചെയ്യാനാകും. മാത്രമല്ല ഫ്രണ്ട്സ് ഓഫ് കുടുംബശ്രീയിൽ അംഗമാകുന്ന പുരുഷന്മാർക്ക് പ്രത്യേക തിരിച്ചറിയൽ കാർഡ് നല്കി യാത്രാസൗകര്യമൊരുക്കാനും പദ്ധതിയിട്ടിട്ടുണ്ട്. രാത്രികാലങ്ങളിൽ പുരുഷന്മാർ ഉൾപ്പെട്ട കുടുംബാംഗങ്ങൾക്ക് ഇതിൽ യാത്ര ചെയ്യുന്നതിന് പ്രത്യേക നിബന്ധന ഉണ്ടായിരിക്കും.

മോട്ടോർ വെഹിക്കിൾ വകുപ്പ്, പോലീസ്, ടൂറിസം വകുപ്പുകളുമായി യോജിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. ആദ്യഘട്ടത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലാണ് കുടുംബശ്രീയുടെ നാനോ ടാക്സികൾ ഓടിത്തുടങ്ങുക. പിന്നീട് മറ്റ് ജില്ലകളിലേക്കു കൂടി വ്യാപിപ്പിക്കും.

## കുടുംബശ്രീയുടേത് കേരളത്തിലെ ഏറ്റവും വലിയ സ്ത്രീ മുന്നേറ്റം: കേന്ദ്രമന്ത്രി കെ. സി വേണുഗോപാൽ



കൊല്ലത്ത് കുടുംബശ്രീ പതിനഞ്ചാം ജില്ലാതല വാർഷിക സമ്മേളനം കേന്ദ്രമന്ത്രി കെ.സി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു

അടുത്തകാലത്ത് കേരളത്തിലുണ്ടായ ഏറ്റവും വലിയ സ്ത്രീമുന്നേറ്റമാണ് കുടുംബശ്രീയുടേതെന്ന് കേന്ദ്രമന്ത്രി കെ.സി. വേണുഗോപാൽ പറഞ്ഞു. കൊല്ലത്ത് കുടുംബശ്രീയുടെ പതിനഞ്ചാമത് ജില്ലാതല വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വ്യക്തിഗത ലാഭത്തിനപ്പുറം പാലിയേറ്റീവ് കെയർ, മാലിന്യസംസ്കരണം തുടങ്ങിയ പ്രവർത്തനങ്ങളിലേർപ്പെടുന്ന കുടുംബശ്രീയുടെ മികവ് ബോധ്യപ്പെട്ടിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. സ്ത്രീസ്വയംസഹായ സംഘങ്ങളെ ശക്തിപ്പെടുത്താൻ സ്ത്രീസൗഹൃദ ബാങ്കിംഗ് സംവിധാനം നിലവിൽ വരും. കൂടാതെ അംഗങ്ങൾക്ക് ആറുശതമാനം പലിശനിരക്കിൽ വായ്പയും ലഭ്യമാക്കും. കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശയിൽ രണ്ട് ശതമാനം സബ്സിഡി നൽകുന്ന കാര്യവും പരിഗണനയിലുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി.

കൊല്ലം ബോയ്സ് ഹൈസ്കൂൾ അങ്കണത്തിൽ നടന്ന പരിപാടിയിൽ പരവൂർ മുനിസിപ്പൽ ചെയർപേഴ്സൺ വി. അംബിക അധ്യക്ഷത വഹിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ ഡോ.ബിജു.ടി കുടുംബശ്രീ ഗവേണിംഗ്ബോഡി അംഗം അഡ്വ. ബിന്ദുകൃഷ്ണൻ അസി.ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാരായ ഇ.എം. മേരിസൺ, ഡോ. രശ്മി ആർ. ചന്ദ്രൻ കരുനാഗപ്പള്ളി മുനിസിപ്പൽ ചെയർമാൻ എം. അൻസർ പുനലൂർ മുനിസിപ്പൽ ചെയർപേഴ്സൺ ഗ്രേസി ജോൺ തുടങ്ങിയവർ പങ്കെടുത്തു.

## ഊർജശ്രീ: സംസ്ഥാനതല മത്സരം നടത്തി

കുടുംബശ്രീ നടപ്പാക്കുന്ന ഊർജസംരക്ഷണ പ്രചാരണത്തോടനുബന്ധിച്ച് ഊർജശ്രീ കലാമത്സരങ്ങളുടെ സംസ്ഥാനതല മത്സരങ്ങൾ തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് എച്ച്.എസ്.എൽ.പി. സ്കൂളിൽ നടന്നു. മത്സര വിജയികൾക്ക് കുടുംബശ്രീ ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ ആന്റ് ഫിനാൻസ്) എബി പോൾ സമ്മാനദാനം നിർവഹിച്ചു.

ഉപന്യാസ രചന, പോസ്റ്റർ ഡിസൈനിംഗ്, പ്രശ്നോത്തരി, പ്രവർത്തന മോഡൽ നിർമാണം എന്നീ ഇനങ്ങളിലാണ് മത്സരം നടന്നത്. പാരമ്പര്യേതര ഊർജസംരക്ഷണത്തിനും ഊർജസംരക്ഷണ ഉപാധികളുടെ പ്രചരണത്തിനുമായി കുടുംബശ്രീ നടപ്പാക്കുന്ന ഊർജശ്രീ പദ്ധതിയുടെ ഭാഗമായി സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, കുടുംബശ്രീ വനിതകൾ എന്നിവർക്കായി ജില്ലാതലത്തിൽ നടത്തിയ മത്സരങ്ങളിൽ വിജയികളായ 280ലധികം പേരാണ് സംസ്ഥാനതല മത്സരത്തിൽ പങ്കെടുത്തത്.

## ഉല്പന്ന വിപണനം: കുടുംബശ്രീയും ബി.എസ്.എൻ. എല്ലും ഒരുമിക്കുന്നു

കൊല്ലം ജില്ലയിൽ ബി.എസ്.എൻ.എൽ ഉല്പന്നങ്ങൾ വിപണനം ചെയ്യാൻ ഇനി കുടുംബശ്രീ പ്രവർത്തകരും. ഇതു സംബന്ധിച്ച് കുടുംബശ്രീ കൊല്ലം ജില്ലാമിഷനും ബി.എസ്.എൻ.എല്ലും ധാരണയായി.

താല്പര്യമുള്ള കുടുംബശ്രീ അംഗങ്ങൾക്ക് നിത്യവരുമാനം ഉറപ്പു വരുത്തുന്ന രീതിയിൽ ബി.എസ്.എൻ.എൽ മൊബൈൽ ടോപ്പ് അപ്പ് -റീചാർജ് കൂപ്പണുകൾ, ഐ.ടി.സി കാർഡുകൾ, പുതിയ കണക്ഷനുകൾ, ബ്രോഡ് ബാൻഡ് തുടങ്ങിയവയുടെ വില്പന ഏജന്റുമാരായി നിയമിക്കാനാണ് തീരുമാനം. ജില്ലയിലെ എല്ലാ സി.ഡി.എസുകൾക്കും ഡയറക്ട് സെല്ലിംഗ് ഏജന്റുമാരെ നിർദേശിക്കാം.

20 വയസ് പൂർത്തിയായ ആർക്കും വിപണന ഏജന്റുമാരായി രജിസ്റ്റർ ചെയ്യാനാകും. മൊബൈൽ ടോപ്പ് അപ്പ്-റീചാർജ് കൂപ്പണുകൾ, ഐ.ടി.സി കാർഡുകൾ, പുതിയ കണക്ഷനുകൾ, ബ്രോഡ് ബാൻഡ് തുടങ്ങിയവയുടെ വിപണനത്തിന് മതിയായ കമ്മീഷൻ ലഭിക്കുന്നതിനാൽ കുടുംബശ്രീ പ്രവർത്തകർക്ക് നിത്യ വരുമാന മാർഗമാകുകയും ബി.എസ്.എൻ.എൽ ഉല്പന്നങ്ങൾ വ്യാപകമാക്കാൻ വഴിയൊരുക്കുകയും ചെയ്യും.

ഏജൻസിക്കായി അപേക്ഷിക്കുന്ന കുടുംബശ്രീ അംഗങ്ങൾ ബന്ധപ്പെട്ട സി.ഡി.എസ് ചെയർപേഴ്സന്റെ ശുപാർശയോടെ മൂന്നു പാസ്പോർട്ട് സൈസ് ഫോട്ടോയും 500 രൂപ സെക്യൂരിറ്റി ഡിപ്പോസിറ്റുമായി 100 രൂപയുടെ മുദ്രപത്രത്തിൽ ധാരണാപത്രം തയ്യാറാക്കി കുടുംബശ്രീ കൊല്ലം ജില്ലാമിഷനിൽ സമർപ്പിക്കണം. ഏജൻസി ലഭിക്കുന്നവർക്ക് ജില്ലാമിഷൻ മുഖേന ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും റീചാർജ് സിംകാർഡുകൾ സൗജന്യമായി ലഭിക്കുന്ന വിധത്തിലാണ് പാക്കേജ് തയ്യാറാക്കിയിട്ടുള്ളത്. ജൂലൈ പതിനഞ്ച് വരെ അപേക്ഷകൾ സ്വീകരിക്കും.

## കുടുംബശ്രീ സ്ഥിരം വിപണന കേന്ദ്രം ആരംഭിക്കും: മന്ത്രി ഷിബു ബേബി ജോൺ



ഗ്രാമപഞ്ചായത്ത് സ്ഥലം അനുവദിച്ചാൽ കുടുംബശ്രീ ഉല്പന്നങ്ങളുടെ സ്ഥിരം വിപണന കേന്ദ്രം പൻമനയിൽ ആരംഭിക്കുമെന്നും കുടുംബശ്രീ അംഗങ്ങൾക്ക് ഓട്ടോ അനുവദിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുമെന്നും തൊഴിൽ മന്ത്രി ഷിബു ബേബി ജോൺ പറഞ്ഞു. കൊല്ലം ജില്ലയിൽ പൻമനയിൽ കുടുംബശ്രീ വാർഷിക പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ.ഇ.യൂസഫ് കുഞ്ഞ് അദ്ധ്യക്ഷത വഹിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ഡോ.ടി.ബിജു, കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗം അഡ്വ.ബിന്ദു കൃഷ്ണ, ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോലത്ത് വേണുഗോപാൽ, ജില്ലാ പഞ്ചായത്ത് അംഗം സി.പി.സുധീർ കുമാർ,സി.ഡി.എസ്.ചെയർപേഴ്സൺ ബേബി സാലി, വിവിധ തദ്ദേശ സ്വയംഭരണ അംഗങ്ങൾ തുടങ്ങിയവർ സംസാരിച്ചു.

## കുടുംബശ്രീ ഉല്പന്ന വിപണന – ഭക്ഷ്യമേള



കുടുംബശ്രീ 15–ാം വാർഷികാഘോഷത്തിന്റെ ഭാഗമായി മലപ്പുറം ജില്ലാമിഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ ജില്ലാതല വാർഷികാഘോഷങ്ങൾ കേന്ദ്ര വിദേശകാര്യ സഹമന്ത്രി ഇ.അഹമ്മദ് ഉദ്ഘാടനം ചെയ്തു. മഞ്ചേരി എം.എൽ.എ അഡ്വ. എം. ഉമ്മർ അദ്ധ്യക്ഷത വഹിച്ചു.

വാർഷികാഘോഷങ്ങളോടനുബന്ധിച്ചു നടത്തിയ പ്രദർശന-ഭക്ഷ്യമേള കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗം എം. അബ്ദുള്ളക്കുട്ടി ഉദ്ഘാടനം ചെയ്തു. കോർപ്പസ് ഫണ്ട് വിതരണോത്ഘാടനം കുടുംബശ്രീ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം അഡ്വ. എൻ.എ.ഖാലിദും ഉല്പന്ന വിപണന മേളയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കുഞ്ഞു സാഹിബും നിർവഹിച്ചു.

മഞ്ചേരി നഗരസഭ, തൃക്കലങ്ങോട്, എടവണ്ണ എന്നീ പഞ്ചായത്തുകളിലെ ബാലസഭാംഗങ്ങളുടെ കലാപരിപാടികൾ, ഗസൽസന്ധ്യ, നാടൻപാട്ട് എന്നിവ അരങ്ങേറി. ജില്ലയിലെ തിരഞ്ഞെടുത്ത 22 സംരംഭങ്ങളും കുറുവ കിഡ്സ് അപ്പാരൽ പാർക്ക്, പൊന്നാനി അപ്പാരൽ പാർക്ക് ന്യൂട്രിമിക്സ് സംരംഭകരുടെ നേതൃത്വത്തിൽ ഒരുക്കിയ കൈപ്പുണ്യം ഉല്പന്നങ്ങളും മേളയിൽ ഏറെ ശ്രദ്ധേയമായി.

# കുടുംബശ്രീ കൂട്ടായ്മയുടെ കരുത്തിൽ സ്ത്രീസൗഹൃദ ഗ്രാമമാകാൻ തെക്കൻ മാരാരിക്കുളം പഞ്ചായത്ത്

സ്ത്രീസുരക്ഷയുടെ പേരിൽ രാജ്യമൊന്നാകെ ആശങ്കപ്പെടുമ്പോൾ കുടുംബശ്രീ സ്ത്രീ കൂട്ടായ്മയുടെ കരുത്തിൽ ഒരു കൊച്ചു ഗ്രാമം സംസ്ഥാനത്തെ ആദ്യത്തെ സ്ത്രീ സൗഹൃദ പഞ്ചായത്തായി രാജ്യത്തിനാകെ മാതൃകയാകാൻ ഒരുങ്ങുന്നു. ആലപ്പുഴ ജില്ലയിലെ തെക്കൻ മാരാരിക്കുളം പഞ്ചായത്താണ് ഈ അപൂർവ നേട്ടം കൈവരിക്കാനൊരുങ്ങുന്നത്.

സ്ത്രീകൾക്കും കുട്ടികൾക്കും ഏത് സമയത്തും സുരക്ഷിതരായി ധൈര്യസമേതം സഞ്ചരിക്കാൻ കഴിയുന്ന ഒരു പഞ്ചായത്ത് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനായി മുന്നേറുകയാണ് കേരളത്തിലെ തെക്കൻ മാരാരിക്കുളം പഞ്ചായത്തിനൊപ്പം കുടുംബശ്രീ വനിതകളും.

2011–12സാമ്പത്തിക വർഷത്തിലാണ് പഞ്ചായത്തിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങുന്നത്. മൂന്നു വർഷമാണ് പ്രോജക്ടിന്റെ കാലാവധി. ഇക്കാലഘട്ടത്തിലെ പഞ്ചായത്തിന്റെ സ്ത്രീസൗഹൃദ പ്രവർത്തനങ്ങൾ വിലയിരുത്തിയ ശേഷം 2014ൽ സംസ്ഥാനത്തെ ആദ്യത്തെ സ്ത്രീ സൗഹൃദ പഞ്ചായത്തായി പ്രഖ്യാപിക്കും.

സ്വന്തം കുടുംബത്തിലും പൊതു ഇടങ്ങളിലും സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അനവധിയാണ്. അതിനെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കാതെ പരിഹാരം കാണുക സാധ്യമല്ല എന്ന തിരിച്ചറിവിൽ നിന്നാണ് പ്രോജക്ടിന്റെ ആദ്യഘട്ടം ആരംഭിച്ചത്. പ്രധാനമായും സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ മുൻ നിർത്തിയാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതിയുടെ വിജയത്തിനായി പഞ്ചായത്തിനൊപ്പം അണിനിരന്നത് 603 കുടുംബശ്രീ യൂണിറ്റുകളിൽ നിന്നായി 11,000 വരുന്ന കുടുംബശ്രീ വനിതകൾ. ആദ്യഘട്ടത്തിൽ 586 കുടുംബശ്രീ യൂണിറ്റുകളുമായി ചേർന്ന് പഞ്ചായത്തിലെ വിവിധ ആശുപത്രികളിലും സ്കൂളുകളിലും സ്ത്രീകളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തി. തുടർന്ന് ബോധവല്ക്കരണം, സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ജാഗ്രതാ സമിതികൾ രൂപീകരിക്കൽ, കുറ്റകൃത്യങ്ങളെ കുറിച്ചുള്ള വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ക്രൈം മാപ്പിംഗ് എന്നിവ പൂർത്തിയാക്കി. സ്ത്രീകൾക്ക് പരാതി നല്കുന്നതിനായി പഞ്ചായത്തിൽ ഒരു പരാതിപ്പെട്ടിയും സ്ഥാപിച്ചു. സ്ത്രീകൾ നേരിടുന്ന മുഖ്യ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് തിരിച്ചറിഞ്ഞ് അതിനെ അടിസ്ഥാനമാക്കി ചോദ്യാവലി തയ്യാറാക്കി. ഒടുവിലായി സ്ത്രീകൾക്കും ഇതിൽ രേഖപ്പെടുത്തിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനായി സാധിച്ചു. കൂടാതെ മൂന്നു വാർഡുകളിൽ ഇപ്പോൾ വനിതാ റിസോഴ്സ് സെന്റർ, യോഗാ പരിശീലനത്തിന് ഹെൽത്ത് സെന്റർ, വായനശാല, റഫറൻസ് ലൈബ്രറി എന്നിവ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. അംഗൻവാടികളോട് ചേർന്നും വനിതാ റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ട്.. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഇവയുടെ പ്രവർത്തനം ഉടൻ ആരംഭിക്കും. നിലവിലുള്ള വനിതാ റിസോഴ്സ് സെന്ററിൽ രണ്ട് വനിതാ കൗൺസലർമാരുടെ സേവനം ലഭ്യമാകുന്നുണ്ട്.. കൂടാതെ എല്ലാ വാർഡുകളിലും ജാഗ്രതാ സമിതി ഓഫീസുകൾ, എ.ഡി.എസ് ഓഫീസുകൾ എന്നിവ ഉടൻ പ്രവർത്തന മാരംഭിക്കും.

പഞ്ചായത്തിലും വനിതാ റിസോഴ്സ് സെന്ററിലും ലഭിക്കുന്ന പരാതികൾ പരിഹരിക്കാൻ ഒരു റിട്ട.ജില്ലാ ജഡ്ജ് നാല് വനിതാ അഭിഭാഷകർ എന്നിവരടങ്ങുന്ന ലീഗൽ എയ്ഡ് ക്ളിനിക്കും ഇവിടെ പ്രവർത്തിക്കുന്നു. ഇതിനകം നാല്പതോളം പരാതികൾ പരിഹരിക്കാൻ ഈ സംവിധാനം മുഖേന കഴിഞ്ഞിട്ടുണ്ട്.

നിത്യജീവിതത്തിൽ നേരിടേണ്ടി വരുന്ന നിരവധി പ്രശ്നങ്ങളെ അതിജീവിക്കുന്നതിന് സ്ത്രീകൾക്ക് ശാരീരികവും മാനസികവുമായ കരുത്താണ് ആവശ്യമെന്നു മനസ്സിലാക്കി അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും സ്വയരക്ഷയ്ക്കുമായി കായികപരിശീലനം നല്കി വരികയാണ്. കുട്ടികൾക്ക് ശാരീരികവും മാനസികവുമായ സമഗ്ര വളർച്ചയ്ക്കും ആത്മവിശ്വാസം നേടുന്നതിനും പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന 2600 പെൺകുട്ടികൾക്ക് കൊറിയൻ ആയോധനകലയായ 'തായ് കോണ്ട' യിൽ പരിശീലനം നല്കി വരികയാണ്. ഇതിൽ യു.പി വിഭാഗം മുതൽ പ്ലസ് ടു വരെയുള്ള കുട്ടികൾ ഉൾപ്പെടുന്നു. മുതിർന്ന സ്ത്രീകളും ഈ ആയോധനകലയിൽ പരിശീലനം നേടുന്നുണ്ട്.

സ്ത്രീകളുടെ ആരോഗ്യപരിപാലനത്തിന് മുന്തിയ പരിഗണന നല്കി പഞ്ചായത്തിലെ 15,200 കുടുംബങ്ങളെ 600 യൂണിറ്റുകളാക്കി ആരോഗ്യപരിശീലനം നല്കിയത് മറ്റൊരു നേട്ടമായി. രക്തസമ്മർദം, പ്രമേഹം എന്നിവ പരിശോധിച്ച് ആവശ്യമായ ചികിത്സ ലഭ്യമാക്കുക ജീവിതശൈലീ രോഗങ്ങളെ കുറിച്ച് ബോധവല്ക്കരണം നടത്തുക എന്നിവയാണ് ഇതിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ. വിദഗ്ധ ഡോക്ടർമാർ റിട്ട. നഴ്സമാർ കുടുംബശ്രീ ആരോഗ്യ വൊളണ്ടിയർമാർ ആശാ വർക്കേഴ്സ് എന്നിവർ മുഖേനയാണ് ആരോഗ്യ പരിപാലന പരിപാടി നടപ്പാക്കുന്നത്. അധികം വൈകാതെ തന്നെ സംസ്ഥാനത്തെ ആദ്യത്തെ സ്ത്രീസൗഹൃദ ഗ്രാമമെന്ന ഖ്യാതി നേടാൻ ഒരുങ്ങുകയാണ് ഈ പഞ്ചായത്ത്.

Printed and published by K.B.Valsalakumari, Executive Director, Kudumbashree, State Poverty Eradication Mission- Government of Kerala, 2ndFloor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram 695011. Layout: Communique, Tvpm, Printed at: KBPS, Kochi. Managing Editor: Abbey Paul. Editor: Sanjay Kumar. Editorial Assistant: Asha.S. Panicker.
email: spempro2012@gmail.com
For private circulation